# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 03, Issue: 14

ഒക്ടോബർ 31 2023

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


'നമ്മുടെ കുട്ടികൾ നമ്മുടെ കലോത്സവം'

## ഉപജില്ലാ കലോത്സവത്തിനു കൊടിയേറി

**സാന്ദ്ര സ്വതന്ത്രരാജ് / ശ്രീക്കുട്ടി ചന്ദ്രൻ**

കുന്നോത്ത്: സ്കൂൾ വിദ്യാർത്ഥികളുടെ സർഗാത്മിക കഴിവുകളെ വർദ്ധിപ്പിക്കാൻ ഉപജില്ല കലോത്സവത്തിനു കൊടിയേറി. ഇരിട്ടി ഉപജില്ല കലോത്സവം കുന്നോത്ത് സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂളിൽ ഒക്ടോബർ 30 ത് മുതൽ നവംബർ 2 വരെ നടക്കും.

കുന്നോത്ത് ഹയർ സെക്കണ്ടറി, യു പി, സെന്റ് തോമസ് പള്ളി മൈതാനം എന്നിവിടങ്ങളിലെ 16 വേദികളായി നടക്കുന്ന ഉപജില്ല മത്സരത്തിൽ 104 സ്കൂളുകളിൽനിന്നായി പതിനായിരത്തോളം വിദ്യാർഥികൾ പങ്കെടുക്കും.

മുപ്പതാം തീയതി ആരംഭിച്ച ഉപജില്ല സ്കൂൾ കലോത്സവത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ഒക്ടോബർ 31ന് രാവിലെ പേരാവൂർ എം എൽ എ സണ്ണി ജോസഫ് നിർവ്വഹിക്കും. കണ്ണൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനോയ് കുര്യൻ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ വേലായുധൻ, പായം പഞ്ചായത്ത് പ്രസിഡന്റ് പി രജനി, തലശ്ശേരി അതിരൂപത വികാരി ജനറൽ ഫാ ജോസഫ് ഒറ്റപ്ലാക്കൽ, പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ സുധാകരൻ എന്നിവർ പങ്കെടുക്കും.

ഉപജില്ലാ കലോത്സവവിജയികൾ ജില്ലാ കലോത്സവത്തിനും ജില്ലാ കലോത്സവത്തിൽ വിജയികളായവർ ജനുവരിയിൽ കൊല്ലം ജില്ലയിൽ നടക്കുന്ന സംസ്ഥാന കലോത്സവത്തിലും പങ്കെടുക്കും.

### ആഘോഷമായ കലവറ നിറയ്ക്കൽ

കുന്നോത്ത് സെന്റ് ജോസഫ് സ്കൂൾ ആതിഥേയത്വമരുളുന്ന ഇരിട്ടി ഉപജില്ലാ കലോത്സവത്തിന് മുന്നോടിയായി അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് യു.പി.സ്കൂളിൽ കലവറ നിറയ്ക്കൽ നടന്നു.

വിദ്യാർത്ഥികളിൽ നിന്ന് ശേഖരിച്ച വിഭവങ്ങൾ അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ യു.പി.സ്കൂൾ ഹെഡ്മിസ്ട്രസ് ഷൈനി മാത്യൂവിൽ നിന്ന് സ്വീകരിച്ച് കലവറ നിറയ്ക്കൽ ഉദ്ഘാടനം ചെയ്തു. കലോത്സവത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം നൽകുന്നതിനാവശ്യമായ വിഭവങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായാണ് കലവറ നിറയ്ക്കൽ നടത്തപ്പെടുന്നത്.

കലോത്സവ പരിപാടികൾ അരങ്ങേറുന്നകുന്നോത്ത് സെന്റ് ജോസഫ് സ്കൂളിനെ പ്രതിനിധീകരിച്ചു കൊണ്ട് അധ്യാപകരായ ജി. ബിന്ദു, എം. മാണി, ജസ്റ്റിൻ ജോർജ്ജ്, അങ്ങാടിക്കടവ് യു.പി. സ്കൂളിലെ അധ്യാപകർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



### വർണാഭമായ വിളംബരജാഥ




ഒക്ടോബർ 30 മുതൽ ആരംഭിക്കുന്ന ഇരിട്ടി ഉപജില്ല സ്കൂൾ കലോത്സവത്തിനു മുന്നോടിയായി വിളബര ഘോഷയാത്ര നടത്തി.

ഇരിട്ടി പാലം മുതൽ പഴയ ബസ്സ് സ്റ്റാന്റ് വരെ നടത്തിയ വിളംബര ഘോഷയാത്രയ്ക്ക് കലോത്സവ കൾച്ചറൽ കമ്മറ്റിയും വിവിധ സ്കൂളുകളിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൗട്ട്സ്, ഗൈഡ്സ്, ലിറ്റിൽ കൈറ്റ്സ്, ജെ ആർ സി, എൻ എസ് എസ് കുട്ടികളും നേതൃത്വം നൽകി.

ഇരിട്ടി ഉപജില്ലക്ക് കീഴിൽ വരുന്ന വിവിധ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരടക്കം പഞ്ചായത്ത് അംഗങ്ങൾ, സ്കൂൾ വിദ്യാർത്ഥികൾ, അധ്യാപകർ, പി റ്റി എ ഭാരവാഹികൾ തുടങ്ങി നിരവധിപ്പേർ പങ്കെടുത്തു.

വിളബരഘോഷയാത്രയുടെ ഭാഗമായി മോഹിനിയാട്ടം, ദഫ്മുട്ട്, പുലികളി, ശിങ്കാരിമേളം, നാസിക്ക് ഡോൾ, മാർഗ്ഗംകളി, ഫ്ളാഷ്മോബ് എന്നിങ്ങനെ നിരവധി കലാരൂപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

### ക്യാൻസർ രോഗിക്ക് കരുതലായി കെ.ഇ.ഡബ്ല്യു.എസ്.എ

**മരിയ ജോയി**

കച്ചേരികടവ്: കേരള ഇലക്ട്രിക്കൽ വയർമെൻ ആൻഡ് സൂപ്പർവൈസേഴ്സ് അസോസിയേഷൻ ( കെ. ഇ. ഡബ്ല്യു. എസ്. എ) ഇരിട്ടി യൂണിറ്റ് നടത്തിവരുന്ന ജിവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ക്യാൻസർ രോഗിയായ കച്ചേരികടവിലെ വീട്ടമ്മയുടെ വീടിന്റെ വയറിങ് പ്രവർത്തികൾ സൗജന്യമായി ചെയ്തു നൽകി.

സർക്കാർ ധനസഹായത്തോടെ കച്ചേരികടവിൽ നിർമിക്കുന്ന പുതിയ വീടിന്റെ ഇലക്ട്രിക്കൽ ആൻഡ് വയറിങ് ജോലികളാണ്, വയറിങ് മെറ്റിരിയലും വൈദ്യുതി കണക്ഷൻ അടക്കം ചെയ്തു നൽകിയത്.

'അൻപതോളം അംഗങ്ങളുള്ള സംഘം തങ്ങളുടെ തനതു ഫണ്ടിൽ നിന്നുമാണ് ജിവകാരുണ്യത്തിനുള്ള തുക കത്തെുന്നത്. വയറിങ് ജോലികൾക്ക് ജില്ലാ സെക്രട്ടറി കെ. ആർ ഗോവിന്ദൻ, യൂണിറ്റ് പ്രസിഡന്റ് കെ. എം മാത്യു, യൂണിറ്റ് സെക്രട്ടറി എം. കെ ബിജൂ തൂടങ്ങിയവർ നേതൃത്വം നൽകി'. കെ. ഇ. ഡ ബ്ലു . എസ്. എ ഇരിട്ടി യൂണിറ്റ് പ്രസിഡന്റ് കെ. എം മാത്യു പറഞ്ഞു.

### തേനീച്ച വളർത്തൽ; പരിശീലനം നേടി വനിതകൾ

**മരിയ ജോയി**

അങ്ങാടികടവ്: അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തും ഡോൺ ബോസ്കോ-വി ലിവ് കണ്ണൂരും സംയുക്തമായി 50 വനിത കർഷകർക്കായി തേനീച്ച വളർത്തൽ പരിശീലനവും ചെറുതേൻ തേനീച്ച കോളനികളും നൽകി.

ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടന്ന അവസാനഘട്ട പരിശീലന പരിപാടി അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പയ്യമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

ദിശ ഡയറക്ടറും കോളേജ് സോഷ്യൽ വർക് വിഭാഗം മേധാവിയുമായ ഫാ.സോജൻ പനഞ്ചിക്കൽ, പഞ്ചായത്ത് അംഗങ്ങളായ ജോസ് എവൺ, ബിജോയ് പ്ലാത്തോട്ടത്തിൽ ജിഷ ജോർജ്ജ്, വിലൈവ് സ്റ്റാഫ് ലിസ്സി സിറിയക് എന്നിവർ സംസാരിച്ചു.

'തേനീച്ച വളർത്തൽ പോലുള്ള സംരംഭങ്ങളിലൂടെ സ്ത്രീകൾക്ക് തങ്ങളുടെ വീടുജോലികൾക്കൊപ്പം തന്നെ ഒരു സ്ഥിരവരുമാനം കണ്ടെത്തുവാനുള്ള മാർഗ്ഗങ്ങൾ തുറന്നുകൊടുക്കുകയും അങ്ങനെ സാമ്പത്തികമായ സ്വയം പര്യാപ്തത കൈവരിച്ചുകൊണ്ട് സ്ത്രീശാക്തീകരണം സാധ്യമാക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്'. ഫാ.സോജൻ പറഞ്ഞു.

## യൂണിയൻ ഉദ്ഘാടനവും ഹെറിറ്റേജ്ഡേയും നടത്തി

**ഗീതു ബാബു**

അങ്ങാടിക്കടവ്: ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജ് 2023-2024 അധ്യയന വർഷത്തെ യൂണിയൻ ഉദ്ഘാടനവും ഹെറിറ്റേജ്ഡേയും നടത്തി.

കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി കേരള പോലീസ് 'കണ്ണൂർ സ്ക്വാഡ്' അംഗം റിട്ട. എസ്. ഐ ബേബി ജോർജ്ജ് ഉദ്ഘാടനം ചെയ്തു. സ്ക്വാഡ് അംഗം റിട്ട. എസ്. ഐ മാത്യു ജോസഫ്, സംഗീത നാടക അക്കാദമി അവാർഡ് ജേതാവ് ഡോ. ഷീബ കൃഷ്ണകുമാർ എന്നിവർ മുഖ്യാതിഥികളായി.

കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ ഫ്രാൻസിസ് കാരക്കാട്ട് യൂണിയൻ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. കോളേജ് യൂണിയൻ ഭാരവാഹികളായി ചെയർമാൻ നെൽവിൻ മാത്യു ഷൈജു, വൈസ് ചെയർമാൻ സോന സാബു, സെക്രട്ടറി കെ. കെ അർച്ചന, ജോയിന്റ് സെക്രട്ടറി കെ. അമീറ, യുയുസി ബെഞ്ചമിൻ ബിജു ജോസഫ്, ജെറോൺ മനു, ഫൈൻ ആർട്സ് സെക്രട്ടറി ടോം ജോർജ്, മാഗസിൻ എഡിറ്റർ സത്വിക പ്രേംജിത്ത്, സ്പോർട്സ് ക്യാപ്റ്റൻ ആൽബി കെ ജോൺ എന്നിവർ സ്ഥാനമേറ്റു.

സംഗീത നാടക അക്കാദമി അവാർഡ് ജേതാവും കോളേജിലെ ഒന്നാം വർഷ ബിസിഎ വിദ്യാർതഥി പ്രവീൺകുമാറിന്റെ അമ്മയുമായ ഡോ. ഷീബ കൃഷ്ണകുമാർ മോഹിനിയാട്ടവും കോളേജ് വിദ്യാർതഥികൾ വിവിധ കലാപരിപാടികളും അവതരിപ്പിച്ചു. തുടർന്ന് കണ്ണൂർ ഓളം മ്യൂസിക്കൽ ബാന്റിന്റെ മ്യൂസിക്കൽ ഷോയും നടന്നു.



കോളേജ് യൂണിയൻ ഉദ്ഘാടനം റിട്ട. എസ് ഐ ബേബി ജോർജ്ജ് നിർവഹിക്കുന്നു.

## മാവോയിസ്റ്റ് ഭീഷണി: സമാധാനജാഥയും പൊതുസമ്മേളനവും




**ഡെനിൽ കൈനിക്കൽ**

എടപ്പുഴ: വാളത്തോട് ജനകീയ സമിതിയുടെയും പീപ്പിൾസ് മൂവ്മെന്റ് ഫോർ പീസിന്റെയും ആഭിമുഖ്യത്തിൽ മാവോയിസ്റ്റ് ഭീഷണിക്കെതിരെ സമാധാന സംരക്ഷണ ജാഥയും പൊതുസമ്മേളനവും നടത്തി. വാളത്തോട് നിന്ന് ആരംഭിച്ച് എടപ്പുഴയിൽ സമാപിച്ച സമാധാന ജാഥ ആറളം പഞ്ചായത്ത് പ്രസിഡന്റ് കെ. പി. രാജേഷ് ഫ്ളാഗ് ഓഫ് ചെയ്തു. പീപ്പിൾസ് മൂവ്മെന്റ് ഫോർ പീസ് ചെയർമാൻ ഫാദർ സ്കറിയ കല്ലൂർ സമാധാന ജാഥക്ക് നേതൃത്വം നൽകി.

സമാധാന സംരക്ഷണം നമ്മുടെ ഉത്തരവാദിത്വം എന്ന ആപ്തവാക്യത്തിലൂന്നിയ ജാഥയുടെ സമാപന സമ്മേളനം പേരാവൂർ നിയോജക മണ്ഡലം എം. എൽ. എ അഡ്വ. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു.

മാവോയിസ്റ്റ് ഭീഷണിക്ക് എതിരെ കേരളത്തിൽ തന്നെ ആദ്യമായി നടത്തുന്ന ബഹുജന ജാഥയിലും പൊതുയോഗത്തിലും ഗവൺമെന്റ് പ്രഖ്യാപിച്ച പുനരധിവാസ പാക്കേജുകൾ സ്വീകരിച്ചു സായുധ സമരം ഉപേക്ഷിക്കാൻ മാവോയിസ്റ്റുകളോട് ആഹ്വാനം ചെയ്തു.

അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ അദ്ധ്യക്ഷനായ സമ്മേളനത്തിൽ പീപ്പിൾസ് മൂവ്മെന്റ് ഫോർ പീസ് ചെയർമാൻ ഫാ. സ്കറിയ കല്ലൂർ മുഖ്യ പ്രഭാഷണം നടത്തി. ആറളം പഞ്ചായത്ത് പ്രസിഡന്റ് കെ.പി. രാജേഷ്, എടപ്പുഴ സെന്റ് ജോസഫ് ചർച്ച് വികാരി ഫാ. പോൾ ചക്കാനിക്കുന്നേൽ, പീപ്പിൾസ് മൂവ്മെന്റ് ഫോർ പീസ് വർക്കിംഗ് പ്രസിഡന്റ് രതീഷ് കുമാർ, വാർഡ് മെമ്പർമാരായ സിബി വാഴക്കാല, ഷൈനി വർഗ്ഗീസ്, ആർട്ടിസ്റ്റ് ശശികല, തുടങ്ങിയവർ പ്രസംഗിച്ചു.


വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കൂ;
9496698531

# എഡിറ്റോറിയൽ

## കേരളപ്പിറവി; ആത്മപരിശോധനയ്ക്ക് ഉള്ളതാവട്ടെ

പ്രളയദുരിതങ്ങളും കോവിഡ്കാല പ്രതിസന്ധികളും നിറം കെടുത്തിയ മൂന്നു നാല് വർഷങ്ങൾക്ക് ശേഷം ഇത്തവണത്തെ കേരളപ്പിറവി ദിനം കേരളം സന്തോഷകരമായി കൊണ്ടാടുകയാണ്. 1956 നവംബർ 1 ന് കേരളസംസ്ഥാനം രൂപീകൃതമായതിന്റെ ഓർമയാണ് ഓരോ കേരളപ്പിറവി ദിനവും. ഇന്ത്യ ബ്രിട്ടീഷുകാരിൽ നിന്നും സ്വതന്ത്രമായ ശേഷം, ഐക്യകേരളത്തിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടു. തുടർന്ന് 1956- ലെ സംസ്ഥാന പുനഃസംഘടന നിയമമാണ് സംസ്ഥാനരൂപീകരണങ്ങൾക്ക് ആധാരം. ഭാഷയുടെ അടിസ്ഥാനത്തിൽ ഇന്നത്തെ കാസർഗോഡു മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകൾ ഒന്നായി ഐക്യകേരളം രൂപം കൊണ്ടിട്ട് ഇന്ന് 67 വർഷമാകുന്നു.

കേരളപ്പിറവി ദിനമായ നവംബർ 1 മുതൽ ഒരാഴ്ച സമസ്ത മേഖലകളിലും കേരളത്തിന്റെ മുന്നേറ്റം വ്യക്തമാക്കുന്ന 'കേരളീയം 2023' എന്ന പേരിൽ മലയാളത്തിന്റെ മഹോത്സവം തലസ്ഥാനത്ത് സംഘടിപ്പിക്കപ്പെടുന്നുണ്ട്. രൂപീകൃതമായത് മുതൽ ഏഴ് പതിറ്റാണ്ടുകൊണ്ട് കേരളം കൈവരിച്ച നേട്ടങ്ങളും കേരളത്തിന്റെ സാംസ്കാരിക പൈതൃകവും കാർഷിക വ്യാവസായിക പുരോഗതിയും ലോകത്തിനുമുന്നിൽ അവതരിപ്പിക്കുകയാണ് കേരളീയം 2023 ന്റെ ലക്ഷ്യം. വികസനനേട്ടങ്ങൾ എടുത്തുപറയുമ്പോഴും ഉന്നതവിദ്യാഭ്യാസത്തിനും ഉപജീവന മാർഗ്ഗത്തിനുമായി അന്യസംസ്ഥാനങ്ങളിലേക്കോ വിദേശത്തേക്കോ കുടിയേറുന്ന ജനങ്ങളുടെ സംഖ്യ വലിയ തോതിൽ വർദ്ധിക്കുന്നത് ആശങ്ക ഉളവാക്കുന്നു.

എണ്ണിപറയാൻ നേട്ടങ്ങൾ ഉണ്ടായിട്ടും വലിയതോതിൽ കുടിയേറ്റം സംഭവിക്കുന്നുണ്ടെങ്കിൽ അത് നമ്മൾ ആവിഷ്കരിക്കുന്ന പദ്ധതികളുടെ പ്രശ്നമാണ്. ക്രമാതീതമായ ഇത്തരം കുടിയേറ്റങ്ങൾ കേരളത്തിന്റെ തൊഴിൽശക്തി കുറയ്ക്കുകയും വളർച്ചനേടുന്നതിലും തനിമകാത്ത് സൂക്ഷിക്കുന്നതിനും വിഘാതമാകുകയും ചെയ്യും. സ്വന്തം പൗരന്മാർക്ക് ആവശ്യമായ മികച്ച ഉപജീവന സാധ്യതകളും ഉയർന്ന വിദ്യാഭ്യാസ നിലവാരവുമില്ല എന്നതാണ് യഥാർത്ഥ വസ്തുത.

ഏഴാം ക്ലാസ്സ് വിദ്യാഭ്യാസവും സൈക്കിൾ ഓടിക്കാനുള്ള അറിവും മാത്രം ആവശ്യമായ പ്യൂൺ തസ്തികയിലേയ്ക്ക് കേരളത്തിലെ ബിടെക് ബിരുദധാരികൾ ബിരുദം മറച്ചുവച്ചു അണിനിരക്കുന്നത് അവർ നേരിടുന്ന തൊഴിൽ പ്രതിസന്ധി എത്രത്തോളം രൂക്ഷമെന്ന് എടുത്തുകാണിക്കുന്നു. എ പി ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (കെ ടി യു) മുൻ വൈസ് ചാൻസലർ കുഞ്ചെറിയ പി ഐസക് പറയുന്നതനുസരിച്ച് രക്ഷിതാക്കളുടെ മാറുന്ന മാനസികാവസ്ഥയ്ക്കൊപ്പം സംസ്ഥാനത്തിന് പുറത്തുള്ള മികച്ച അക്കാദമിക് മാർഗങ്ങളെക്കുറിച്ചുള്ള അവബോധവും വിദ്യാർത്ഥികളുടെ കുടിയേറ്റം വർദ്ധിക്കാൻ കാരണമാകുന്നുണ്ട്.

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം, അക്കാദമിക് അന്തരീക്ഷം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണം, ജോലി എന്നിവയിൽ നാം വളരെയധികം മെച്ചപ്പെടേണ്ടതുണ്ട്. അതിനാൽ വികസനങ്ങളെ എണ്ണി എണ്ണി പറയുന്നതോടൊപ്പം നാളിതുവരെ കാര്യമായ വളർച്ച പ്രാപിക്കാത്ത അവസ്ഥകളെ കണ്ടെത്തി അതിന് കാതലായ പരിഹാരം ചെയ്യേണ്ടതുണ്ട്. ഉയർന്ന വിദ്യാഭ്യാസ പദ്ധതികളും മികച്ച ജോലി സാധ്യതകളും ഉണ്ടെങ്കിൽ മാത്രമേ ഇത്തരം കുടിയേറ്റങ്ങൾ കുറയാൻ സാധ്യതയുള്ളൂ. ഇനിയും സന്തോഷകരമായ കേരളപ്പിറവി ദിനങ്ങൾ കൊണ്ടാടുവാൻ മലയാളികൾക്ക് സാധിക്കുകയുള്ളൂ.

- എഡിറ്റർ

## ബോധവൽക്കരണക്ലാസ്സും ആരോഗ്യപരിശോധനയും നടത്തി

ഗീതു ബാബു

മരുതുംചാൽ: ഇരിട്ടി ഐ.സി.ഡി.എസ് പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ പോഷകാഹാരത്തിന്റെ പ്രാധാന്യവും ഗുണങ്ങളും എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ അയ്യൻകുന്ന് പഞ്ചായത്തിലെ മരുതുംചാൽ അംഗനവാടിയിൽ ബോധവൽക്കരണ ക്ലാസ്സും ആരോഗ്യപരിശോധനയും നടത്തി.

അയ്യൻകുന്ന് പഞ്ചായത്ത് നാലാം വാർഡ് മെമ്പർ സീമ സനോജ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ പ്രതിരോധ കുത്തിവയ്പ്പിന്റെ ആവശ്യകതയെക്കുറിച്ചും ജീവിതശൈലി രോഗങ്ങളെക്കുറിച്ചും അങ്ങാടിക്കടവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് നേഴ്സ് പി. ടി മോളി ബോധവത്കരണ ക്ലാസ്സ് നടത്തി.

അംഗനവാടി കുട്ടികളുടെ മാതാപിതാക്കൾക്കും, പൊതുജനങ്ങൾക്കുമായി വാർഡിലെ എം.എൽ.എസ്.പി (മിഡ് ലെവൽ സർവീസ് പ്രൊവൈഡർ) കെ. എ അനിഷ്ക, ആശ വർക്കർ ഉഷ തങ്കച്ചൻ എന്നിവരുടെ നേതൃത്വത്തിൽ ആരോഗ്യപരിശോധന, പോഷകാഹാര പ്രദർശനം, ക്വിസ്സ് മത്സരം എന്നിവ സംഘടിപ്പിച്ചു. മൽസരങ്ങളിൽ വിജയിച്ച അഞ്ചുഷ രതീഷ്, ലിന്റ ഷാജി, അനുമോൾ ജോസഫ് എന്നിവരെ വാർഡ് മെമ്പർ അനുമോദിച്ചു.

ആറ് വയസ്സു വരെയുള്ള കുട്ടികളുടെയും അവരുടെ അമ്മമാരുടെയും ഭക്ഷണം, പ്രാഥമിക വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, പ്രതിരോധ കുത്തിവെയ്പ്പ്, റഫറൽ സൗകര്യങ്ങൾ എന്നിവ മുൻനിറുത്തി 1975 ഒക്ടോബർ 2 നു കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതിയാണ് ഐ. സി. ഡി. എസ് അഥവാ സംയോജിത ശിശു വികസന പദ്ധതി.

'ആവിയിൽ വേവിച്ചതും വിറ്റാമിനുകൾ അടങ്ങിയതും ചെലവുകുറഞ്ഞതുമായ ആഹാര പദാർത്ഥങ്ങളുടെ ഗുണങ്ങളും പോഷകാഹാരത്തിന്റെ പ്രാധാന്യവും എല്ലാവരിലേക്കും എത്തിക്കുക എന്നീ ലക്ഷ്യം മുൻനിർത്തിയാണ് ഈ പരിപാടി ആവിഷ്ക്കരിച്ചിട്ടുള്ളത്'. അംഗനവാടി അധ്യാപിക പി. റ്റി ഉഷ പറഞ്ഞു.

## ലഹരി വിമുക്ത ക്യാമ്പസ്; സെമിനാർ സംഘടിപ്പിച്ചു

കെ വി സാരംഗ്

അങ്ങാടിക്കടവ്: ലഹരി വിമുക്ത ക്യാമ്പസ് എന്ന വിഷയത്തിൽ കേരള എക്സൈസ് ഡിപ്പാർട്ട്മെന്റ്, വിമുക്തി മിഷൻ കണ്ണൂർ, ഡ്രീം കണ്ണൂർ എന്നിവർ സംയുക്തമായി ലഹരി വിരുദ്ധ ബോധവത്കരണ ക്യാമ്പയിനും ശിൽപശാലയും സംഘടിപ്പിച്ചു.

ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജിൽ നടന്ന ശിൽപശാല പേരാവൂർ നിയോജകമണ്ഡലം എം.എൽ.എ അഡ്വ.സണ്ണി ജോസഫ് ഉദ്ഘാടനം നിർവഹിച്ചു.

ഇരിട്ടി സിവിൽ എക്സൈസ് ഓഫീസർ കെ. ശ്രീജിത്ത് ലഹരി വിരുദ്ധ സെമിനാർ നടത്തി. സെമിനാറിൽ ലഹരി ആസക്തി തടയുന്നതിനും മറ്റുമുള്ള ബന്ധപ്പെട്ട നിയമങ്ങൾക്കുറിച്ചും സംവദിച്ചു.

തുടർന്ന് ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജ് സോഷ്യൽ വർക്ക് വിഭാഗം വിദ്യാർത്ഥികൾ ലഹരിവിരുദ്ധ സന്ദേശം ഉയർത്തി ഫ്ളാഷ്മോബും തെരുവുനാടകവും അവതരിപ്പിച്ചു.

## ഇത് അധ്വാനത്തിന്റെ ഫലം

ശ്രീക്കുട്ടി ചന്ദ്രൻ

ശാസ്ത്രലോകത്ത് എഐ വിപ്ലവം സൃഷ്ടിക്കുമ്പോൾ കൃഷി ഭൂമിയിൽ നൂതന കൃഷിരീതികൾകൊണ്ട് വിപ്ലവം സൃഷ്ടിക്കുകയാണ് അങ്ങാടിക്കടവ് സ്വദേശി ജസ്റ്റിൻ കെ മാത്യു.

അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് കൃഷിഭവന്റെ 2023-2024 വർഷത്തെ മികച്ച കർഷകനുള്ള അവാർഡ് കരസ്ഥാക്കിയ ഇദ്ദേഹത്തെ മറ്റു കർഷകരിൽ നിന്നും വ്യത്യസ്തനാക്കുന്നത് കൃഷിയിടത്തിലെ സങ്കരയിനം നാണ്യ വിളകളും ഭക്ഷ്യവിളകളും നിറഞ്ഞ കൃഷിരീതിയാണ്.

കർഷക കുടുംബ പശ്ചാത്തലത്തിൽ വളർന്ന ജസ്റ്റിന് പ്രചോദനമായത് പിതാവിന്റെ കൃഷി രീതികളാണ്. മണ്ണിന്റെ നിറവും ഗന്ധവും രുചിയും നോക്കി അതിൽ വിളയുന്ന ഉൽപ്പന്നങ്ങളുടെ അളവ് എത്രയാകും എന്നു പറയാൻ കഴിയുന്ന കുറ്റാരപ്പള്ളിൽ ജസ്റ്റിന്റെ ഇഷ്ടത്തിന് പൂർണ പിന്തുണയുമായി ഭാര്യയും മക്കളും വന്നതോടെ കൃഷിഭൂമി ഫലഭൂയിഷ്ഠമായി. ഇന്ന് നിരവധിയാളുകളാണ് കൃഷിയെക്കുറിച്ച് അറിയുന്നതിനും പഠിക്കുന്നതിനും വേണ്ടി ഇദ്ദേഹത്തെ സമീപിക്കുന്നത്.

'ചെറിയ പ്രായത്തിൽ തന്നെ കാർഷിക വൃത്തിയിലേർപ്പെട്ടായിരുന്നു തുടക്കം. പിന്നീട് ഇഷ്ടം കൂടി വന്നപ്പോൾ ഒരു തൊഴിലായി സ്വീകരിച്ചു. പുതിയ ഇനങ്ങൾ പരീക്ഷിച്ചു നോക്കുന്നതിലാണ് കൂടുതൽ താത്പര്യം. വാഴ, കമുക്, തെങ്ങ്, കുരുമുളക്, മാവ് എന്നിവയാണ് പ്രധാന കൃഷികൾ. നമ്മുടെ കാലാവസ്ഥക്ക് അനുയോജ്യമായ കമുകുകൾ മോഹിത്നഗർ, ഇൻഡസ് മംഗളയുമാണ്. ഇതിൽ ഇൻഡസ് മംഗള ഇനത്തിൽപ്പെട്ട കുള്ളൻ കമുകുകളാണ് ഇപ്പോൾ കൂടുതലായി കൃഷി ചെയ്യുന്നത്'. ജസ്റ്റിൻ പറഞ്ഞു.



അഞ്ചേക്കറോളം വരുന്ന കൃഷിയിടത്തിൽ പച്ചക്കറികൾ, പഴവർഗങ്ങൾ, നാണ്യവിളകൾ എല്ലാം കൃഷി ചെയ്യുന്ന ഇദ്ദേഹം സ്വന്തം കൃഷി ആവശ്യത്തിനുവേണ്ടി പ്രത്യുത്പാദനശേഷിയുള്ള തൈകൾ ഉദ്പാദിപ്പിക്കുന്നുണ്ട്. ഇടവിള കൃഷിയായി കാപ്പി വിളയുന്ന കൃഷിയിടത്തിൽ പന്ത്രണ്ട് ഇനം മാവുകളും, മുപ്പത്തിയഞ്ച് കിലോ തൂക്കം ലഭിക്കുന്ന വ്യത്യസ്ത ഇനം വാഴകളും, ഒരു കുലയിൽ നാനൂറ്റിയെൺപതോളം അടയ്ക്ക ലഭിക്കുന്ന ഏട്ട് ഇനം കമുകുകളുമുണ്ട്.

കായികാധ്വാനമുള്ള തൊഴിലുകളോടുള്ള താത്പര്യക്കുറവും കാർഷിക മേഖലയോടുള്ള പ്രകടമായ അവഗണനയും കേരളീയരുടെ പ്രൗഢഗംഭീരമായിരുന്ന കാർഷിക മേഖലയ്ക്കു മങ്ങലേൽപിക്കുമ്പോഴാണ് ജസ്റ്റിനെപ്പോലുള്ളവർ കൃഷിയെ സ്നേഹിക്കുന്നവർക്ക് ഒരു പ്രചോദനമായി മാറുന്നത്. അങ്ങാടിക്കടവ് ടൗണിനോട് ചേർന്നു താമസിക്കുന്ന ജസ്റ്റിന് ഭാര്യ മെജോ, അമ്മ മറിയക്കുട്ടി, മക്കൾ ജെസ്ലിൻ, മെൽവിൻ, ജെസ്വിൻ എന്നിവരാണ് പൂർണ പിന്തുണ.

## പഞ്ചായത്തിന് ആംബുലൻസ് കൈമാറി

ഡെനിൽ കൈനിക്കൽ

അങ്ങാടിക്കടവ്: വാണിയപ്പാറ ബ്ലാക്ക് റോക്ക് ക്രഷേഴ്സിന്റെ സി എസ് ആർ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ആംബുലൻസ് അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിന് കൈമാറി.

പേരാവൂർ നിയോജകമണ്ഡലം എം. എൽ. എ അഡ്വ. സണ്ണി ജോസഫ് ആംബുലൻസിന്റെ താക്കോൽ അങ്ങാടിക്കവ് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേലിന് കൈമാറി. ആംബുലൻസ് സർവ്വീസിന്റെ ഫ്ളാഗ് ഓഫ് എം എൽ എ അഡ്വ. സണ്ണി ജോസഫ് നിർവ്വഹിച്ചു.

'പഞ്ചായത്തിനോടും നാട്ടുകാരോടും സഹകരിച്ചു ഒട്ടനവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുള്ള ബ്ലാക്ക് റോക്ക് ക്രഷേഴ്സി സി എസ് ആർ ഫണ്ട് വഴി പതിനെട്ടര ലക്ഷം രൂപ ചിലവിൽ വാങ്ങി നൽകിയതാണ് ആംബുലൻസ്. അയ്യൻകുന്ന് പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആണ് ആംബുലൻസിന്റെ സേവനം ലഭ്യമാകുക എന്നാൽ മറ്റു ഫണ്ടുകൾ ഇല്ലാത്തതിനാൽ സൗജന്യമായല്ല സേവനം നൽകുന്നത്'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.



ബ്ലാക്ക് റോക്ക് ക്രഷേഴ്സ് മാനേജിങ് ഡയറക്ടർ മുഹമ്മദ് ഹാജി, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബീന റോജസ്, സ്ഥിര സമിതി അധ്യക്ഷ മിനി വിശ്വനാഥൻ, പഞ്ചായത്ത് അംഗങ്ങൾ, വ്യാപാരി വ്യവസായി ഏകോപന സമിതി അങ്ങാടിക്കവ് യൂണിറ്റ് പ്രസിഡന്റ് ഒജെ മാത്യു തുടങ്ങിയവർ സംസാരിച്ചു.

### എന്താണ് സി എസ് ആർ ഫണ്ട്

വിവിധ സാമൂഹിക പാരിസ്ഥിതിക സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി കമ്പനികൾ നീക്കി വയ്ക്കേണ്ട സാമ്പത്തിക വിഹിതങ്ങളാണ് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടുകൾ. സാമൂഹിക ഉന്നമനത്തിനും കമ്പനി പ്രവർത്തിക്കുന്ന ചുറ്റുപാടിന്റെ വികസനത്തിനും നൽകുന്ന ഫുകളാണ് ഇവ. സി എസ് ആർ ഫണ്ടിന്റെ പ്രവർത്തനങ്ങളിൽ ചാരിറ്റബിൾ ഓർഗനൈസേഷനുകൾക്കുള്ള സംഭാവനകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവയും ഉൾപ്പെടുന്നു. സമൂഹത്തോടും നാടിനോടുമുള്ള കമ്പനിയുടെ പ്രതിബദ്ധത ഉയർത്തുന്നതിനായാണ് ഇത് പോലുള്ള ഫണ്ടുകൾ. രൂപീകരിക്കപ്പെട്ടിരിക്കുന്നത്.




എഡിറ്റോറിയൽ ടീം: ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: സാന്ദ്ര സ്വതന്ത്രരാജ് |സബ് എഡിറ്റേഴ്സ്: ഗീതു ബാബു, ശ്രീക്കുട്ടി ചന്ദ്രൻ, മരിയ ജോയി അമ്പഴക്കാടൻ, ഡെനിൽ കൈനിക്കൽ, കെ.വി സാരംഗ് | ഫോട്ടോഗ്രാഫേഴ്സ്: ഡെനിൽ കൈനിക്കൽ, കെ.വി സാരംഗ് | ഡിസൈനർ: പ്രിൻസ് ജോസഫ്, അപർണ രമേശ്, ഗീതു ബാബു |